**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5816** **08-11-2021 - ൽ മറുപടിയ്ക്ക്**

**കൈത്തറി സഹകരണ സംഘങ്ങൾക്ക് ലഭിയ്ക്കാനുള്ള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കൈത്തറി സഹകരണ സംഘങ്ങൾക്ക് ലഭിക്കാനുള്ള സർക്കാർ ധനസഹായം യഥാസമയം ലഭിക്കാത്തതിനാലും കുടിശ്ശികയായതിനാലും ഇത് സംഘങ്ങളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഉത്സവ കാലങ്ങളിൽ റിബേറ്റ് നൽകിയ വകയിലും സർക്കാർ തലത്തിൽ സ്കൂൾ യൂണിഫോം നൽകിയ വകയിലും ഹാൻടെക്സിൽ നിന്ന് കിട്ടാനുള്ളതുമായ കുടിശ്ശിക തീർത്ത് കൈത്തറി സഹകരണ സംഘങ്ങളുടെ നിലനിൽപ്പ് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (ബി) | കോവിഡ് പ്രതിസന്ധിമൂലം ഹാന്റക്സിന്റെ വിൽപ്പനയിൽ വലിയ കുറവ് സംഭവിക്കുകയും ശരാശരി വിൽപ്പന 36 കോടി രൂപയിൽ നിന്നും 13 കോടി രൂപയായി കുറയുകയും ചെയ്തിരുന്നു. തുണിത്തരങ്ങൾ സംഭരിച്ച വകയിൽ ഹാന്റക്സ്, സംഘങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക തുക 19.48 കോടി രൂപയാണ്. പ്രസ്തുത കുടിശ്ശിക തീർപ്പാക്കുന്നതിന് 3 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സംഘങ്ങളിലെ തൊഴിലാളികൾക്ക് ലഭിക്കാനുള്ള ഇൻസന്റീവ് സമയബന്ധിതമായി കൊടുത്ത് തീർക്കുന്നതിനും കുടിശ്ശിക തീർപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | (സി) | 2021-22 സാമ്പത്തിക വർഷം പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിക്കായി വകയിരുത്തിയ4 കോടി രൂപയിൽ 2,92,35,955/- രൂപ വിവിധ ജില്ലകളിലെ നെയ്ത്തുകാർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതുവഴി 2017-18 വരെയുള്ള കുടിശ്ശിക പൂർണ്ണമായും 2018-19 വർഷത്തെ കുടിശ്ശിക ഭാഗികമായും കൊടുത്തു തീർത്തിട്ടുണ്ട്. ബാക്കിയുള്ള 1,07,64,045/- രൂപ ഹാൻവീവിന്റെ വിവിധ സെന്ററുകൾക്ക് 2018-19 വരെയുള്ള കുടിശ്ശിക തീർപ്പാക്കുവാൻ നൽകിയിട്ടുണ്ട്. കുടിശ്ശിക തീർപ്പാക്കുവാൻ ഇനിയും തുക ആവശ്യമുള്ളതിനാൽ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കൈത്തറി വകുപ്പിന്റെ വിഹിതമായി 10 കോടി രൂപ വകയിരുത്തുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ